# 24

## സഭ:

# അതിന്റെ സംഗീതം (2)

**സംഗീത രീതി - ഉദാഹരണങ്ങൾ**

1. **യേശു കർത്തൃമേശ സ്ഥാപിച്ചപ്പോൾ അവനും ശിഷ്യന്മാരും എന്തു ചെയ്തു (മത്താ. 26:30)?**
2. **തടവിലാക്കപ്പെട്ട പൗലൊസും ശിലാസും തങ്ങളുടെ വികാരങ്ങൾ എങ്ങനെ പ്രകടിപ്പിച്ചു (പ്രവൃത്തികൾ 16:25)?**
3. **താൻ എങ്ങനെ പാടുമെന്നാണ് പൗലൊസ് പറഞ്ഞത് (1 കൊരി. 14:15)?**
4. **ജാതികളുടെ മദ്ധ്യേ ക്രിസ്തുവിനെ എങ്ങനെ ആയിരുന്നു ഉയർത്തിയത് (റോമ. 15:9; സങ്കീ. 18:49)?**
5. **സങ്കീ. 22:22 എബ്രാ. 2:12 ൽ എങ്ങനെ നിറവേറി?**
   അത് ഇവിടെ നിറവേറി എന്നല്ലേ എബ്രായ ലേഖകൻ പറഞ്ഞത്?

**സംഗീത രീതി - കല്പന**

1. **പൗലൊസ് എഫെസ്യരെ എങ്ങനെ പ്രബോധിപ്പിച്ചു (എഫെ. 5:19)?**
2. **അവൻ എങ്ങനെ കൊലൊസ്യർക്കും കല്പന കൊടുത്തു (കൊലൊ. 3:16)?**
3. **എബ്രായ ക്രിസ്ത്യാനികൾ എന്തു ഫലമായിരുന്നു പുറപ്പെടുവിക്കേണ്ടിയിരുന്നത് (എബ്രാ. 13:15)?**
4. **എല്ലാ ക്രിസ്ത്യാനികൾക്കുമുള്ള യാക്കോബിന്റെ കല്പനകൾ എന്തെന്നു പറയുക (യാക്കൊ. 5:13).**

**പാടേണ്ട പാട്ടുകൾ**

1. **പാടേണ്ടതായ മൂന്നുതരം പാട്ടുകൾ പറയുക (എഫെ. 5:19; കൊലൊ. 3:16).**
   a. ''സങ്കീർത്തനങ്ങൾ,'' ''സ്തുതികൾ'' ''ആത്മികഗീതങ്ങൾ'' എന്നിവ നിർവ്വചിക്കുക.
   സങ്കീർത്തനങ്ങളിൽ നിന്നും എടുത്തതാണ് "സങ്കീർത്തനം"; "സ്തുതി" ദൈവത്തെ പുകഴ്ത്തുന്നതാണ് (പ്രവൃത്തികൾ 16:25); "ആത്മികഗീതങ്ങൾ" പദ്യമായി ചേർത്തിട്ടുള്ളത് "ദൈവത്തെ ഉയർത്തുകയും മനുഷ്യരെ ആത്മിക വർദ്ധനവു വരുത്തുകയും

ചെയ്യും."

b. ആരാധനയിൽ അവ എങ്ങനെ ഉപയോഗിക്കണം? അവയെല്ലാം *പാടുക*യാണ്, അല്ലാതെ ഉപയോഗിക്കുകയല്ല.

c. ആത്മികം, കായികം, ഇടത്തരം എന്നീ പാട്ടുകൾ നിർവ്വചിക്കുക.
   (1) ആരാധനയിൽ ഏതാണ് ഉപയോഗിക്കേണ്ടത്?
   (2) ശരീരഭാഗങ്ങളെ ചലിപ്പിച്ചു പ്രകോപിപ്പിക്കുന്ന പാട്ടുകൾ ആണോ പാടേണ്ടത്?

**എങ്ങനെയാണ് പാട്ടു പാടേണ്ടത്** ______________________________

1. **ക്രിസ്ത്യാനികൾ പാട്ടുപാടുവാൻ എങ്ങനെയാണ് ഒരുങ്ങേണ്ടത് (എഫെ. 5:18, 19; കൊലൊ. 3:16)?**
2. **താൻ എങ്ങനെ പാടുമെന്നാണ് പൗലൊസ് പറഞ്ഞത് (1 കൊരി. 14:15)?**
   a. ആത്മാവു കൊണ്ടു പാടുക എന്നാൽ അർത്ഥം എന്താണ്?
   b. ബുദ്ധികൊണ്ടു പാടുക എന്നാൽ എന്താണ് അർത്ഥം?
   c. എപ്പോഴാണ് ഒരാൾ ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കുന്നത്?
3. **പാട്ടുപാടുമ്പോൾ, മറ്റൊരാളെ നാം എങ്ങനെ പരിഗണിക്കണം (എഫെ. 5:19)?**
   പാട്ടുപാടുന്നവർ എന്തിലാണ് "തമ്മിൽ" പറയേണ്ടത് (എഫെ. 5:19)?
4. **ഹൃദയം എങ്ങനെ ഉൾപ്പെട്ടിരിക്കണം (എഫെ. 5:19; കൊലൊ. 3:16)?**
5. **ആരെയാണ് പുകഴ്ത്തേണ്ടതു (എഫെ. 5:19; കൊലൊ. 3:16)?**
6. **പാട്ടുപാടുമ്പോൾ, എന്തു ഫലമാണ് പുറപ്പെടുവിക്കുന്നത് (എബ്രാ. 13:15)?**
   a. അതു പാട്ടുപാടുന്നതിലെ "അധര ഫലം" അല്ലേ (എബ്രാ. 13:15)? അപ്പോൾ അത്തരം പാട്ടിനെ യാന്ത്രിക സംഗീതം എങ്ങനെ ഇടർച്ച വരുത്തുന്നു?
   b. ദൈവത്തിന്റെ നിഷ്ക്കർഷതയെ ബഹുമാനിച്ചാൽ എന്ത് (വെളി. 22:14)?
   ഉപകരണസംഗീതത്തെ വിലക്കുന്നതു വചനത്തെ ബഹുമാനിക്കലല്ലേ?

**പരിഗണിക്കേണ്ട പോയിന്റുകൾ** ______________________________

1. **ക്വയറിന്റെ പാട്ടു പാടൽ എങ്ങനെ സഭയുടെ സ്വീകാര്യമായ വസ്തുതയെ മാറ്റുന്നു എന്നു വ്യക്തമാക്കുക?**
2. **വാടകപ്പാട്ടുകാർ എങ്ങനെ ഇടവക പാട്ടുകാരെ സ്വാധീനിക്കുന്നു?**
3. **ആരാണ് പാടേണ്ടത് (എഫെ. 5:19; കൊലൊ. 3:16; യാക്കൊ. 5:13)?**
4. **ആരാധനയിൽ, ഒരാൾക്കു പാട്ടു പാടുവാൻ കഴിവുണ്ടായിട്ടും,**

**പാടാതിരുന്നാൽ, അതു ദൈവത്തിനു പ്രസാദകരമാകുമോ?**

5. **ഒരാൾക്കു പാടുവാൻ കഴിവില്ലെങ്കിൽ, ആരാധനയിൽ പങ്കെടുക്കുവാൻ അയാൾ എന്തു ചെയ്യണം?**
6. **പാട്ടു ആരാധനയിൽ ആവശ്യമുള്ള ഒന്നാണോ (സങ്കീ. 119:172; 1 യോഹ. 5:17)?**
   - a. അങ്ങനെ എങ്കിൽ, പാട്ടുശുശ്രൂഷ വ്യത്യസ്തമാക്കുക എന്നതു പാപമല്ലേ?
   - b. "ബുദ്ധികൊണ്ടു പാടും" എന്നതു എന്തിനെ നീക്കം ചെയ്യുന്നു? കത്തുകളും പേപ്പറുകളും വായിക്കുന്നതും, ച്യൂയിങ്ഗം ഉപയോഗിക്കുന്നതും, പിറുപിറുക്കുന്നതും.
   - c. എങ്ങനെ ഉപയോഗിച്ചാലാണ് പാട്ടുശുശ്രൂഷ മോശമാകാതിരിക്കുന്നത്?

© 2009 Truth for Today